# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 226

28-11-2018- ൽ
മറുപടിയ്ക്ക്

### നൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .മഞ്ഞളാംകുഴി അലി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഏതെങ്കിലും മന്ത്രിസഭയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനുള്ള അധികാരം ആർക്കാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | (എ) | മന്ത്രിസഭാ യോഗതീരുമാനത്തിന് ചെറിയ ഭേദഗതി(Minor deviation) വരുത്താൻ കാര്യനിർവ്വഹണചട്ടം പാർട്ട് -1 ചട്ടം 20 -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും മന്ത്രിസഭായോഗ തീരുമാനം റദ്ദാക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നില്ല . |
| (ബി) | ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയുടെ യോഗ്യത മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചത് പ്രകാരം എന്തൊക്കെയായിരുന്നു; ഏത് തലത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ യോഗ്യത നിശ്ചയിച്ചിരുന്നത്; | (ബി)<br>(സി)<br>&<br>(ഡി ) | മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ച യോഗ്യത Graduate with MBA Preferably specialization in Marketing and Finance or CS/CA/ICWAI with 3 years experience ആയിരുന്നു . 2013 ൽ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെൻറ് കോർപ്പറേഷനിലെ തസ്തിക സൃഷ്ടിക്കുന്ന വിഷയവും ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടക്കുന്ന കാര്യവും പുറംജോലിക്കരാർ അനുവദിക്കുന്ന കാര്യവും മന്ത്രിസഭയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു . യോഗ്യത നിശ്ചയിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനാവിഷയമായി ഉൾപ്പെടുത്തിയിരുന്നില്ല .ഇക്കാര്യത്തിൽ മന്ത്രിസഭ തീരുമാനിക്കേണ്ട വിഷയമായി ഉൾപ്പെടുത്തിയിരുന്നത് താഴെപ്പറയുന്നു . |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തിയത് ഏത് തലത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്; | | |

| | | | |
|---|---|---|---|
| (ഡി ) | മന്ത്രിസഭാ യോഗത്തിൽ ഈ തസ്തികയുടെ യോഗ്യത ഭേദഗതി അംഗീകരിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള ഭേദഗതി നിലവിലെ ചട്ടപ്രകാരം ക്രമപ്രകാരമാണോയെന്ന് അറിയിയ്ക്കുമോ? | | എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ( ആസ്ഥാന കാര്യാലയം ) ആവശ്യമായ , ധനകാര്യവകുപ്പും ആസൂത്രണ വകുപ്പും അംഗീകരിച്ചിട്ടുള്ള ജനറൽ മാനേജർ (1 ), കമ്പനി സെക്രട്ടറി (1 ) , എം .ഡി യുടെ സി .എ (1 ), സെക്ഷൻ ഓഫീസർ (1 ), ക്ലർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ (2 ), ഡ്രൈവർ കം പ്യൂൺ (1 ), എന്നീ 7 തസ്തികകൾ സൃഷ്ടിക്കുന്നതിനും ഡി .ടി .പി / കമ്പ്യൂട്ടർ ഓപ്പറേറ്റർ , സെക്യൂരിറ്റി / വാച്ച്മാൻ , കാഷ്വൽ സ്വീപ്പർ എന്നിവരുടെ സേവനം പുറംജോലിക്കരാർ നൽകുന്നതിനും അനുമതി നൽകാമോ<br><br>ബി) ധനകാര്യ വകുപ്പ് അംഗീകരിച്ചതും , ആസൂത്രണ വകുപ്പിന്റെ അനുമതി ഇല്ലാത്തതുമായ ചെയർമാന്റെ പി .എ എന്ന തസ്തിക സൃഷ്ടിക്കാമോ<br>സി) ധനകാര്യ വകുപ്പും ആസൂത്രണ വകുപ്പും അംഗീകരിച്ചിട്ടില്ലാത്ത ഡെപ്യൂട്ടി മാനേജർ (1 ) , സീനിയർ അസിസ്റ്റന്റ് (3 ) ഡ്രൈവർ കം പ്യൂൺ (2 ) എന്നീ ആറ് തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കാമോ<br><br>നിലവിലുള്ള യോഗ്യതയോടൊപ്പം അധികയോഗ്യത നിശ്ചയിക്കാനുള്ള 18 -8 -2016 ലെ സർക്കാർ ഉത്തരവിന് മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ടായിരുന്നു . |

സെക്ഷൻ ഓഫീസർ